KSEB
കേരളത്തിന്റെ ഊർജ്ജം

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കംബനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424
രജിസ്റ്റേഡ് ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004 website: www.kseb.in
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695004, കേരളം
ഫോൺ: +91 471 2514685, 2514331 ഇ മെയിൽ: ddkseb@kseb.in

D(D&IT)/D6-AE2/Service at Doorsteps/2021-22/0001 തീയതി. 18.08.2021

## പരിപത്രം

വിഷയം : 'സേവനം വാതിൽപ്പടിയിൽ' പദ്ധതി – ഉപഭോക്താവിന്റെ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : 1. 29.01.2021.-ലെ ബോർഡ് ഉത്തരവ് നം. B.O (FTD) No. 81/2021 (No. CP/Plg.3/ Misc- Service at door steps/2021)
2. 17.08.2021 - ലെ ചീഫ് എഞ്ചിനീയർ (IT, CR & CAPs) - ന്റെ കുറിപ്പ് നം. CEIT/ RITU/CCC/KEPCO KDN/15/2021.

'സേവനം വാതിൽപ്പടിയിൽ' പദ്ധതിയുടെ ഭാഗമായി വരുന്ന അപേക്ഷകൾ രേഖപ്പെടുത്താൻ കസ്റ്റമർകെയർ ആപ്ലിക്കേഷൻ (CCC ET) ൽ പ്രത്യേക സൗകര്യം നിലവിലില്ലാത്തതിനാൽ നിലവിൽ മറ്റു പരാതികൾക്കൊപ്പമാണ് ഇത് രേഖപ്പെടുത്തിപ്പോരുന്നത്. പരാതികളും വാതിൽപ്പടി സേവന അപേക്ഷകളും പ്രത്യേകം രേഖപ്പെടുത്താനുള്ള സോഫ്റ്റ് വെയർ നിർമ്മാണ ഘട്ടത്തിലാണ്. അത് നിലവിൽ വരുന്നതു വരെ കെ.എസ്.ഇ.ബി.എൽ.ന്റെ സുപ്രധാന പദ്ധതികളിലൊന്നായ 'സേവനം വാതിൽപ്പടിയിൽ' കുറ്റമറ്റ രീതിയിൽ നടപ്പാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ വാതിൽപ്പടി സേവന അപേക്ഷകൾ താഴെപ്പറയുന്ന രീതിയിൽ സെക്ഷൻ ഓഫീസുകളിൽ കൈകാര്യം ചെയ്യേണ്ടതാണ്.

1. **സെക്ഷൻ ഓഫീസുകളിൽ വാതിൽപ്പടി സേവന അപേക്ഷകൾ സ്വീകരിക്കുമ്പോൾ.**
   a) CCC ET രജിസ്ട്രേഷൻ പേജിൽ, പുതിയ കണക്ഷനപേക്ഷിക്കുമ്പോൾ Complaint / Request Type എന്നയിടത്ത് "New Connection at doorsteps" എന്നും മറ്റു സേവനങ്ങൾക്ക് "Service at doorsteps" എന്നും തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
   b) Complaint / Request Sub type ൽ ഏത് തരം സർവ്വീസാണെന്നും തെരഞ്ഞെടുക്കേണ്ടതുണ്ട്. പുതിയ സർവ്വീസ് കണക്ഷനൊഴികെ മറ്റു സേവനങ്ങൾക്ക് 13 അക്ക കൺസ്യൂമർ നമ്പരും രേഖപ്പെടുത്തണം.
   c) പുതിയ സർവ്വീസ് കണക്ഷനുള്ള അപേക്ഷയാണെങ്കിൽ രജിസ്റ്റർ ചെയ്താലുടൻ ടോക്കൺ നമ്പർ രേഖപ്പെടുത്തി അതുപയോഗിച്ച് സ്വന്തം സെക്ഷനിലേക്ക് അസൈൻ ചെയ്തെടുക്കേണ്ടതാണ്.

2. **വാതിൽപ്പടി സേവനങ്ങൾക്കുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ.**

   ഒരുമ-നെറ്റ് പ്രൊഫൈൽ പേജിൽ യൂസർ മെനുവിൽ ഹെൽപ് എന്ന ടാബിൽ ക്ലിക്ക് ചെയ്ത് 30.07.2021 ലും 06.02.2021 ലും പുറത്തിറക്കിയ റിലീസുകൾ പ്രകാരം 'സേവനം വാതിൽപ്പടിയിൽ' പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്ന വിധം മനസ്സിലാക്കാവുന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നു എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)

സെക്രട്ടറി (ഭരണം)

സ്വീകർത്താക്കൾ:

1. ചീഫ് എഞ്ചിനീയർ, വിതരണവിഭാഗം (ദക്ഷിണ/ മധ്യ/ ഉത്തര/ ഉത്തര മലബാർ മേഖല)
2. ചീഫ് എഞ്ചിനീയർ (IT, CR & CAPs)
3. വിതരണ വിഭാഗത്തിലെ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരും
4. വിതരണ വിഭാഗത്തിലെ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും

പകർപ്പ്:

1. ചെയർമാൻ & മാനേജിങ് ഡയറക്ടറുടെ T.A.
2. Distribution, IT & HRM/ Transmission & System Operation / Planning, Safety, Soura & REES/ Generation-Electrical & SCM/ Generation-Civil എന്നീ ഡയറക്ടർമാരുടെ T.A.
3. ഫിനാൻസ് ഡയറക്ടറുടെ P.A.
4. ഭരണവിഭാഗം സെക്രട്ടറിയുടെ C.A.
5. കമ്പനി സെക്രട്ടറി
6. ഫെയർ കോപ്പി വിഭാഗം/ ലൈബ്രറി/ സ്റ്റോക്ക് ഫയൽ

ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുന്നു,

അസിസ്റ്റന്റ് എഞ്ചിനീയർ